**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **10-02-2025 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പ്ലാന്റേഷൻ ഭൂമി ടൂറിസം മേഖലയ്ക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ടൂറിസത്തെ ബാധിക്കാത്ത വിധം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | പ്ലാന്റേഷൻ ഭൂമിയുടെ അഞ്ച് ശതമാനം വരെ ടൂറിസം പദ്ധതികൾക്കായി ഉപയോഗിക്കുന്നതിന് നിബന്ധനകളോടെ നിലവിൽ അനുമതിയുണ്ട്. പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ മൂല്യവർദ്ധനവും വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ നിർദ്ദേശങ്ങളും , ടൂറിസത്തെ ബാധിക്കാത്ത വിധം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കുന്നതിനുള്ള ശിപാർശകളും പ്രസ്തുത പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനറിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ പ്ലാന്റേഷൻ മേഖലയിൽ ഉത്തരവാദിത്വ ഇക്കോടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സെമിനാർ 2023 ജനുവരി 6ന് കോഴിക്കോട് വച്ച് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ